# മനുഷ്യൻ യന്ത്രമായി മാറാതിരിക്കാൻ വായിക്കുക: എം മുകുന്ദൻ

### ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകോത്സവം തുടങ്ങി




ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകോത്സവം എം മുകുന്ദൻ ഉദ്ഘാടനം ചെയ്യുന്നു

**സ്വന്തം ലേഖിക**

**കണ്ണൂർ**

ആധുനിക സാങ്കേതികവിദ്യകൾ പിടിമുറുക്കുന്ന ഈ കാലത്ത് സർഗാത്മകതയെ കൂട്ടുപിടിച്ച് ജീവിച്ചില്ലെങ്കിൽ മനുഷ്യനും യന്ത്രത്തെപ്പോലെയാകുമെന്ന് എഴുത്തുകാരൻ എം മുകുന്ദൻ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകോത്സവത്തിൽ ആദരം ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച മുകുന്ദൻ.

നമ്മുടെ ശരീരത്തിലെ അവയവങ്ങൾപോലും ജൈവമല്ലാതായി തീരുന്ന കാലത്ത് സാങ്കേതികവിദ്യയുടെ ഉൽപന്നമായി നാം മാറിപ്പോകും. യന്ത്രങ്ങൾക്ക് സഹാനുഭൂതിയോവികാരങ്ങളോ ഇല്ല. അങ്ങനെയാവാതിരിക്കാൻ സർഗാത്മക സൃഷ്ടികൾ വായിച്ചുകൊണ്ടേയിരിക്കണം. വായിച്ചില്ലെങ്കിലും കാണുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. പുസ്തകങ്ങൾ കണികണ്ട് ഉണരണം. പുതിയ തലമുറ വായനയിൽനിന്ന് അകലാതിരിക്കാനുള്ള ശ്രമം ഉണ്ടാവണം.

ബാല്യകാലത്ത് മറ്റു വിനോദോപാധികളൊന്നും ഇല്ലാത്തതിനാൽ പുസ്തക വായനയായിരുന്നു പ്രധാനം. അവ കൂടുതലും അലസവായനയായിരുന്നു. എന്നാൽ വായനയുടെ തലം മാറി. ഇഷ്ടപ്പെട്ട വിഷയങ്ങളിൽ ഗൗരവമായ വായനയാണ് ഇന്ന് നടക്കുന്നത്. പുസ്തകത്തിന്റെ ഘടനയിലും മാറ്റം വന്നിട്ടുണ്ട്. പാശ്ചാത്യനാടുകളിൽ പുസ്തകക്കടകളെല്ലാം പൂട്ടുകയാണ്. ആവശ്യമുള്ളവർ ഓൺലൈനായി വാങ്ങുകയാണ്. പുസ്തകങ്ങൾ തൊട്ടും മണത്തും അടുത്തറിഞ്ഞ് വാങ്ങിക്കാനുള്ള പുസ്തകോത്സവങ്ങൾ എല്ലാവരും പ്രയോജനപ്പെടുത്തണമെന്നും മുകുന്ദൻ പറഞ്ഞു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ പൊന്നാടയണിയിച്ച് ആദരിച്ചു. ഫലകവും സമ്മാനിച്ചു.

ചടങ്ങിൽ പ്രൊഫ. എം വി വിഷ്ണുനമ്പൂതിരിയുടെ ചിമ്മാനക്കളി, ആർ വീണാറാണിയുടെ കാർഷിക പ്രശ്നോത്തരി എന്നീ പുസ്തകങ്ങൾ ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് പ്രകാശനം ചെയ്തു. യഥാക്രമം ഇ പി രാജഗോപാലൻ, കെ പി ശ്രീധരൻ നമ്പൂതിരി എന്നിവർ പുസ്തകം സ്വീകരിച്ചു. എം പി ബീന പുസ്തകം പരിചയപ്പെടുത്തി. 'എം മുകുന്ദന്റെ സർഗ വിചാരങ്ങൾ' എന്ന വിഷയത്തിൽ ഇ പി രാജഗോപാലൻ മുഖ്യപ്രഭാഷണം നടത്തി. എൻ ജയകൃഷ്ണൻ സ്വാഗതവും വി ബി ഷിബിത്ത് നന്ദിയും പറഞ്ഞു.